2. ഫയൽ നമ്പർ 14086/A2/2014/ഗതാഗതം തീയതി 22-1-2015 8 എം.എൽ.എ.-മാരുടെ 7.40 കോടി രൂപയുടെ നിർദ്ദേശമാണ് ലഭിച്ചിരുന്നത്.

(ബി) പൊതുജനോപകാരപ്രദവും സർക്കാർ ഉടമസ്ഥതയിലുള്ളതുമായ മൂലധന സ്വഭാവമുള്ള ആസ്തികളുടെ സൃഷ്ടിയാണ് ആസ്തി വികസന പദ്ധതിയിൻകീഴിൽ ലക്ഷ്യമിട്ടിരിക്കുന്നത്. ഒരു പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.-ക്ക് ബസ്സ് വാങ്ങുന്നതിനായി ടി ഫണ്ട് വിനിയോഗിക്കുന്നത് മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമല്ല. സർക്കാരിന്റെ സാമ്പത്തിക പരിമിതികളും സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ ദീർഘകാലം നിലനിൽക്കണമെന്നുള്ള താല്പര്യവും കണക്കിലെടുത്ത് കെ.എസ്.ആർ.ടി.സി.-ക്ക് ഫണ്ട് അനുവദിക്കേണ്ടതില്ലായെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(സി) താൽപ്പര്യം പരിഗണനയിലില്ല.

കരാറുകാരുടെ കുടിശ്ശിക തുക നൽകാൻ നടപടി

155 (3309) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കരാറുകാരുടെ നിരാഹാര സമരം അവസാനിപ്പിക്കുന്നതിന് സമരസമിതിക്ക് നൽകിയ ഉറപ്പുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പൊതുമരാമത്ത് - ജലവിഭവ വകുപ്പ് കരാറുകാർക്ക് 31-5-2015 വരെ നൽകാനുള്ള കുടിശ്ശിക എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ;

(സി) കുടിശ്ശിക പൂർണ്ണമായി കൊടുത്ത് തീർക്കുന്നതിനായി എന്ത പദ്ധതിയാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാർ കരാറുകാരുടെ ബിൽ കുടിശ്ശിക സമയബന്ധിതമായി കൊടുത്തുതീർക്കുന്നതിനായി കോൺട്രാക്ടർമാരുടെ സംയുക്ത സമരസമിതിയുമായി 26-4-2015-ൽ ചർച്ച നടത്തിയിരുന്നു. അതനുസരിച്ച് പൊതുമരാമത്ത് നിരത്തുവിഭാഗം ഒഴികെയുള്ള വിഭാഗങ്ങളിലെ കുടിശ്ശിക 2015 ഡിസംബറിലും നിരത്തു വിഭാഗത്തിന്റേത് 2016 മാർച്ചിലും കൊടുത്തു തീർക്കാൻ ധാരണയായിട്ടുണ്ട്. സർക്കാർ ആവിഷ്കരിച്ചു നടപ്പാക്കിയ ബിൽ ഡിസ്കൗണ്ടിങ്ങ് സിസ്റ്റം പ്രകാരം കരാറുകാരുടെ ആറുമാസത്തെ ബില്ലുകൾ ഡിസ്കൗണ്ട് ചെയ്യുന്നതിന് സൗകര്യം ഉണ്ടാകുന്നതും ആറുമാസത്തിലധികം പഴക്കമുള്ള

LIBRARY ARCHIVES Kerala Legislative Assembly

ബില്ലുകൾ ഡിസ്കൗണ്ട് ചെയ്യുമ്പോൾ ഡിസ്കൗണ്ട് ചാർജ്ജിന്റെ 50% സർക്കാർ മടക്കി നൽകുന്നതുമാണ് എന്ന് അറിയിച്ചിരുന്നു. നിലവിൽ ഇത് 25% ആണ്. കൂടാതെ കെട്ടിട വിഭാഗത്തിന്റെ ഭരണാനുമതി തുക 10 ലക്ഷം രൂപയിൽ അധികരിക്കാത്ത ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ബില്ലുകൾ തീർപ്പാക്കുവാനുള്ള അധികാരം ബന്ധപ്പെട്ട എഞ്ചിനീയർമാർക്ക് നൽകുവാനും ജലവിഭവ വകുപ്പിലെ കുടിശ്ശിക ബില്ലുകൾ ഏപ്രിൽ മാസം മുതൽ നൽകി തുടങ്ങുവാനും നബാർഡ് പദ്ധതികൾ, ഡെപ്പോസിറ്റ് വർക്കുകൾ എന്നിവയുടെ ബില്ലുകൾക്കുള്ള തുക കുടിശ്ശികയാക്കാതെ അനുവദിക്കുമെന്നും കോൺട്രാക്ടർമാരുടെ സംയുക്ത സമരസമിതിയുമായുള്ള ചർച്ചയിൽ ധാരണയായിട്ടുണ്ടായിരുന്നു.

(ബി) ഭരണ വകുപ്പിൽ നിന്നുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിൽ 1-4-2014 മുതൽ 28-2-2015 വരെ 12698.51 കോടി രൂപയുടെയും ഇതേ കാലയളവിൽ പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 394.57 കോടി രൂപയുടെയും ജലവിഭവ വകുപ്പിൽ 1-4-2014 മുതൽ 30-8-2014 വരെ എല്ലാ വിഭാഗങ്ങളിൽ നിന്നും പൂർണ്ണമായി ലഭ്യമായ നിർദ്ദേശങ്ങൾ അനുസരിച്ച് 132.58 കോടി രൂപയുടെയും ഉൾപ്പെടെ ആകെ 1795.66 കോടി രൂപയുടെ കുടിശ്ശികയുണ്ട്.

(സി) കരാറുകാരുടെ ബില്ലുകൾ മാറി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ജി.ഒ.(പി) നമ്പർ 97/2015/Fin. Dated 25-2-2015 പ്രകാരം ആവിഷ്കരിച്ച ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായത്തിന് അനുസൃതമായി ജി.ഒ.(ആർ.ടി) നമ്പർ 5597/2015/Fin. Dated 10-6-2015 പ്രകാരം പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിലെ സെപ്റ്റംബർ 2014 വരെയുള്ള കുടിശ്ശിക ബില്ലുകൾ 2015 ഡിസംബർ മാസത്തോടുകൂടിയും പൊതുമരാമത്ത് (കെട്ടിടം) വകുപ്പിലെ ഡിസംബർ 2014 വരെയുള്ള ബില്ലുകൾ നവംബർ 2015 മാസത്തോടുകൂടിയും ജലവിഭവ വകുപ്പിലെ ഒക്ടോബർ 2014 വരെയുള്ള ബില്ലുകൾ നവംബർ 2015 മാസത്തോടുകൂടിയും കൊടുത്തു തീർക്കുന്നതിനുള്ള പേപ്പർ ഓഫ് ക്രെഡിറ്റ് അനുവദിക്കുന്നതിനുള്ള സമയക്രമം നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ജി.ഒ.(പി) നമ്പർ 221/2015/Fin. Dated 10-6-2015 പ്രകാരം 2015 ആഗസ്റ്റ് മാസം മുതൽ ഡിസ്കൗണ്ട് ചെയ്യുന്ന ബില്ലുകളുടെ ഡിസ്കൗണ്ട് ചാർജ്ജിന്റെ 50% കരാറുകാർക്ക് മടക്കി നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. ജി.ഒ.(പി) നമ്പർ 198/2015/Fin. Dated 28-5-2015 അനുസരിച്ച് 5 ലക്ഷം രൂപയിൽ അധികരിക്കാത്ത ഭരണാനുമതി നൽകിയിട്ടുള്ള കെട്ടിട വിഭാഗ ഡിപ്പോസിറ്റ് പ്രവർത്തികളുടെ ബില്ലുകൾ തീർപ്പാക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകി ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly